(ബി) രണ്ട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പ്രവൃത്തിമൂലം ആളപായമുണ്ടായിട്ടില്ല.

(സി) 10 എണ്ണം.

(ഡി) രണ്ട്.

(ഇ) വന്യമൃഗങ്ങളെ ഷോക്കേല്പിച്ച് കൊല്ലുന്നവിധം കമ്പിവേലികളിൽകൂടി വൈദ്യുതി കടത്തിവിടുന്നതിന് സ്വകാര്യ തോട്ടമുടമകൾക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടില്ല. ഇത്തരം സംഭവങ്ങൾക്ക് വന്യജീവി (സംരക്ഷണ) നിയമപ്രകാരം കേസ്സെടുത്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളി കായികതാരങ്ങൾ

114 [3400] ശ്രീ. സി. കെ. നാണു:
„ കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരും കേരളത്തിലേക്കു തിരിച്ചുവരാൻ തയ്യാറുള്ളവരുമായ മലയാളി കായികതാരങ്ങളെ സംബന്ധിച്ച കണക്ക് സംസ്ഥാന ഗവൺമെന്റോ സ്പോർട്ട്സ് കൗൺസിലോ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ കായിക ഇനം തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ;

(സി) സംസ്ഥാനത്ത് ജോലി ലഭിക്കുവാനായി അപേക്ഷിച്ച കായികതാരങ്ങളുടെ അപേക്ഷകളിൻമേൽ ഈ ഗവൺമെന്റ് വന്നതിനുശേഷം എന്തെല്ലാം മേൽനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച വനിതാകായിക താരങ്ങൾക്ക് നിയമനം

115 [3401] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്പോർട്ട്സ് ക്വാട്ടയിൽ എത്ര വനിതാകായികതാരങ്ങൾക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly.

(ബി) നിയമനം ലഭിച്ച ഓരോരുത്തരും ഏതെല്ലാം മേഖലകളിൽ ഏത് നിലവാരത്തിൽ (ജില്ലാതലം, സംസ്ഥാനതലം, ദേശീയതലം, അന്തർദേശീയതലം) കഴിവുതെളിയിച്ച വരാണെന്ന വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രഗൽഭ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന നാല് ഒഴിവുകളിൽ മൂന്നെണ്ണത്തിൽ വനിതാ കായിക താരങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകളിലായി നിയമനം നൽകിയിട്ടുണ്ട്.

അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

മലപ്പുറം ജില്ലയിലെ കായിക വികസന പദ്ധതികൾ

116 [3402] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പ്രോത്സാഹനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ പുതിയതായി കായികപരമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര പദ്ധതികൾക്കായി ഇത്തരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പുതിയ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് പറയാമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം തുകകളൊന്നും ചെലവഴിച്ചിട്ടില്ല. 2002-03 സാമ്പത്തിക വർഷത്തിൽ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 3,46,88,374 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്പോർട്സ് ഡയറക്ടറേറ്റിൽ ഒന്നും, കേരള സ്പോർട്സ് കൗൺസിലിൽ മൂന്നും പദ്ധതികൾക്കായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) സർക്കാർ അംഗീകാരവും ധനസഹായവും നൽകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാവുന്നതാണെന്ന് കരുതുന്നു.

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ	വർഷം	ചെലവായ തുക (ലക്ഷത്തിൽ)
	2001-2002	
1.	ടെറിട്ടോറിയൽ വിഭാഗം	1832.32
2.	വന്യജീവി വിഭാഗം	72.19
3.	സാമൂഹ്യ വനവൽക്കരണ വിഭാഗം	0.10
4.	വർക്കിംഗ് പ്ലാൻ വിഭാഗം	9.37
5.	കെ.എഫ്.ഡി.സി.	152.90
6.	കെ.എഫ്.ആർ.ഐ.	28.27
	ആകെ	2095.15
	2002-2003 (താൽക്കാലികം)	
1.	ടെറിട്ടോറിയൽ വിഭാഗം	1812.21
2.	വന്യജീവി വിഭാഗം	79.96
3.	സാമൂഹ്യ വനവൽക്കരണ വിഭാഗം	3.68
4.	വർക്കിംഗ് പ്ലാൻ വിഭാഗം	4.96
5.	കെ.എഫ്.ഡി.സി.	92.29
	ആകെ	1993.10
	2003-2004 (താൽക്കാലികം) 30-6-2003 വരെ	
1.	ടെറിട്ടോറിയൽ വിഭാഗം	129.32
2.	വന്യജീവി വിഭാഗം	0.40
3.	സാമൂഹ്യ വനവൽക്കരണ വിഭാഗം	6.41
4.	വർക്കിംഗ് പ്ലാൻ വിഭാഗം	..
5.	കെ.എഫ്.ഡി.സി.	65.96
6.	കെ.എഫ്.ആർ.ഐ.	..
	ആകെ	202.09

അനുബന്ധം XIII

17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 115 (3401) കാണുക.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ച വനിതാ കായിക താരങ്ങളുടെ വിവരം

ക്രമ നമ്പർ	പേര്	മികവ് തെളിയിച്ച മേഖല	നിലവാരം
1.	ശ്രീമതി കെ. ജെ. ജെസ്സി	വോളിബോൾ	ദേശീയ ജൂനിയർ ചാമ്പ്യൻഷിപ്പ് - ഒന്നാം സ്ഥാനം അഖിലേന്ത്യാ അന്തർ സർവകലാ ശാല മൽസരം -ഒന്നാം സ്ഥാനം
2.	,, എസ്. എൽ. മിനി	നീന്തൽ	ദേശീയചാമ്പ്യൻഷിപ്പ്-മൂന്നാംസ്ഥാനം അഖിലേന്ത്യാ അന്തർ സർവ്വകലാശാല മത്സരം-ഒന്നാം സ്ഥാനം
3.	,, ഹരിത എസ്. കുറുപ്പ്	ബാസ്ക്കറ്റ് ബോൾ	അഖിലേന്ത്യാ അന്തർ സർവകലാ ശാല മൽസരം -രണ്ടാം സ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly